# ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

# A7-ക്രിസ്തീയ ജീവിതം

## ഒരു അനുസരണയുള്ള ജീവിതം

## പാഠം 1 – യേശു കർത്താവാണ്

**വായനഭാഗം:**
**യോഹന്നാൻ 13: 12–17**

**താക്കോൽ വാക്യം:**

**"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, എന്റെ കല്പനകളെ കാത്തുകൊള്ളും "**
യോഹന്നാൻ 14:15

നാം ക്രിസ്ത്യാനികളാണെങ്കിൽ, യേശു നമ്മുടെ രക്ഷകൻ മാത്രമല്ല, അവൻ നമ്മുടെ കർത്താവും ആയിരിക്കണം. ഇതിനർത്ഥം ബൈബിൾ പറയുന്ന കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തുകയും മറ്റെല്ലാറ്റിനുമുപരിയായി അവനെ ബഹുമാനിക്കുകയും ചെയ്തുകൊണ്ട് നാം അവനെ അനുസരിക്കണം എന്നതാണ് .

"ക്രിസ്ത്യാനി" എന്ന പേര് ***പ്രവൃത്തികൾ 11: 25, 26***ൽ പരാമർശിച്ചിരിക്കുന്നു. ക്രിസ്തുവിനെ തിരിച്ചറിയുകയും അവന്റെ പഠിപ്പിക്കലുകൾ പിന്തുടരുകയും ചെയ്യുന്നവരെ മറ്റുള്ളവർ വിളിച്ചതാണ് ക്രിസ്ത്യാനികൾ എന്ന്. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ, നിങ്ങൾ ക്രിസ്തുവിന്റെ നാമം വഹിക്കുന്നു, ക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മളും:

### 1. വിശ്വാസികൾ

കർത്താവായ യേശുവിൽ വിശ്വസിച്ചുകൊണ്ടാണ് നാം ക്രിസ്ത്യാനികളായത് ***(പ്രവൃത്തികൾ 16:31)*** എന്നാൽ വിശ്വാസത്തിന്റെ ഈ ആദ്യപടി മറ്റു പലതും പിന്തുടരേണ്ടതായിട്ടുണ്ട്! ദൈവവചനത്തിൽ വിശ്വസിക്കുന്നതും അത് പ്രാവർത്തികമാക്കുന്നതും ആദിമ ക്രിസ്ത്യാനികൾക്ക് വളരെ പ്രധാനമായിരുന്നു, അവർ "വിശ്വാസികൾ" എന്ന് അറിയപ്പെട്ടു. പൗലോസ് തിമോത്തിയോസിന് എഴുതുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തത് ***" വിശ്വാസികൾക്ക് മാതൃകയായിരിക്ക .." എന്നതാണ് (1 തിമോത്തി 4:12) .***

### 2. അനുയായികൾ

ഇതിനർത്ഥം "അനുകരിക്കുന്നവർ", അല്ലെങ്കിൽ "പകർത്തുന്നവർ."മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിശ്വാസികൾ ദൈവത്തെ അനുകരിക്കണം (അല്ലെങ്കിൽ പകർത്തണം), ദൈവത്തെപ്പോലെയാകാൻ. പൗലോസ് എഫെസൊസിലെ സഭയ്ക്ക് എഴുതി, ***"അതിനാൽ പ്രിയ മക്കളെന്നപോലെ ദൈവത്തെ അനുകരിക്കുവിൻ." (എഫെസ്യർ 5: 1)*** തെസ്സലോനിക്കയിലെ ക്രിസ്ത്യാനികളോടുള്ള പൗലോസിന്റെ ഓർമ്മപ്പെടുത്തലിൽ കാണുന്നതു പോലെ വിശ്വാസികളും മറ്റ് വിശ്വാസികളെ പകർത്തണം,***"നിങ്ങൾ ഞങ്ങൾക്കും കർത്താവിനും അനുകാരികളായി തീർന്നു ..." (1 തെസ്സലൊനീക്യർ 1: 6)***

### 3. ശിഷ്യന്മാർ

"ശിഷ്യൻ"എന്ന വാക്കിന്റെ അർത്ഥം "പഠിതാവ്"എന്നാണ്. പുതിയ നിയമ കാലത്ത് ഒരു അധ്യാപകന് താൻ പഠിപ്പിച്ചതും ചെയ്തതുമായ കാര്യങ്ങൾ പഠിച്ച് അവ പ്രായോഗികമാക്കുന്ന ഒരു കൂട്ടം അനുയായികൾ ഉണ്ടായിരുന്നു. അപ്പോൾ ശിഷ്യൻ മറ്റുള്ളവരെ ശിഷ്യരാക്കാൻ പഠിപ്പിക്കുമായിരുന്നു.

യേശുവിന് ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു, അവരിൽ നിന്ന് അവൻ തന്റെ പ്രത്യേക കൂട്ടാളികളാകുവാൻ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു. ഈ പന്ത്രണ്ടുപേരും തങ്ങളുടെ മുഴുവൻ സമയവും യേശുവിനോടൊപ്പം ചെലവഴിച്ചു. രണ്ട് ഉദ്ദേശ്യങ്ങൾക്കായി അവരെ തിരഞ്ഞെടുത്തു:

*1."അവർ തന്നോടൊപ്പം ഇരിപ്പാനും"*

*2."അവൻ അവരെ പ്രസംഗിക്കേണ്ടതിന് അയപ്പാനും" (മർക്കോസ് 3:14)*

"കൂടെ ഇരിക്കുക"എന്നത് പഠന ഭാഗവും "അയയ്ക്കുന്നത്"പരിശീലനത്തിന്റെ ഭാഗവുമായിരുന്നു. അവർ അവന്റെ സന്ദേശം പ്രസംഗിക്കണമായിരുന്നു. പിന്നീട് കർത്താവായ യേശു സ്വർഗത്തിലേക്ക് മടങ്ങുന്നതിന് തൊട്ടുമുമ്പ്, അവൻ തന്റെ ശിഷ്യന്മാരോട് ***"പോയി എല്ലാ ജനതകളെയും ശിഷ്യരാക്കുക, അവരെ സ്നാനം കഴിപ്പിക്കുക... ഞാൻ നിങ്ങളോട് കൽപിച്ചതെല്ലാം ആചരിക്കാൻ അവരെ പഠിപ്പിക്കുക" എന്ന് കൽപ്പിച്ചു. (മത്തായി 28:19, 20)***

യേശുവിന്റെ ഒരു ശിഷ്യനെന്ന നിലയിൽ, നിങ്ങൾ അവന്റെ വചനത്തിൽ നിന്ന് പഠിക്കാനും അവനോടൊപ്പം സമയം ചെലവഴിക്കുകയും അത് പ്രാവർത്തികമാക്കാനും അവനെപ്പോലെ ആയിത്തീരാനും മറ്റുള്ളവരുമായി സുവിശേഷം പങ്കുവെച്ച് അവരെ ശിഷ്യരാക്കുകയും ചെയ്യണം .




### 4 .ദാസന്മാർ

ദാസന്മാരെന്ന നിലയിൽ നാം നമ്മുടെ യജമാനനെ അനുസരിക്കണം. നാം വിശ്വാസികളാകുന്നതിനുമുമ്പ്, നാം പാപത്തിന്റെയും സാത്താന്റെയും ദാസന്മാരാണ്. എന്നാൽ കർത്താവായ യേശു നമ്മെ സ്വതന്ത്രരാക്കുന്നു, നമ്മുടെ സ്വന്തം കാര്യം ചെയ്യാനും നാം ആഗ്രഹിക്കുന്ന രീതിയിൽ ജീവിക്കാനുമല്ല. കർത്താവായ യേശുവിന്റെ ദാസന്മാരാകാൻ വേണ്ടിയാണ് നാം സ്വതന്ത്രരായിരിക്കുന്നത്. ." ***നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? അകയാൽ നിങ്ങളുടെ ശരീരംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ." (1 കൊരിന്ത്യർ 6:19, 20)***

യേശു ആളുകളോട് ചോദിച്ചു, ***"നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നതു എന്തു? (ലൂക്കോസ് 6:46)*** ഒരിക്കൽ അവൻ തന്നെത്തന്നെ വിശ്വാസികളുടെ ***"കർത്താവും ഗുരുവും" എന്ന് വിളിച്ചു. (യോഹന്നാൻ 13:14)*** കർത്താവായ യേശു സ്വർഗ്ഗത്തിൽ തന്റെ പിതാവിന്റെ തികഞ്ഞ ദാസനായിരുന്നു, പിതാവിന് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്തു. അവൻ തന്നെ നമുക്ക് മാതൃകയായി. നാം അവന്റെ ദാസന്മാരും ദൈവദാസന്മാരും ആയിരിക്കണം. ദാസൻ യജമാനനേക്കാൾ വലിയവനല്ല.'***'നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, നിങ്ങൾ എന്റെ കൽപനകൾ പാലിക്കും"*** എന്ന് പറഞ്ഞപ്പോൾ അവൻ അനുസരണം പ്രതീക്ഷിച്ചു. ***(യോഹന്നാൻ 14:15)*** ദാസന്മാരെന്ന നിലയിൽ, നാം ചെയ്യുന്ന കാര്യങ്ങൾക്ക് നാം കർത്താവിനോട് ഉത്തരവാദികളാണ്, ദൈവത്തെ വിശ്വസ്തമായും നിസ്വാർത്ഥമായും സേവിക്കണം. നാം സ്വർഗ്ഗത്തിൽ എത്തുമ്പോൾ, ***"നന്നായി, നല്ലവനും വിശ്വസ്തനുമായ ദാസനേ, നിങ്ങളുടെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക" എന്ന് അവൻ പറയുന്നത് നാം കേൾക്കും. (മത്തായി 25:23)***

പൗലോസ് ദൈവവുമായുള്ള ഒരു യഥാർത്ഥ വിശ്വാസിയുടെ ബന്ധത്തെ സംഗ്രഹിച്ചു, അവനെക്കുറിച്ച് പറയുമ്പോൾ, ***"ഞാൻ ആരുടെതാണ്, ആരെയാണ് ഞാൻ ആരാധിക്കുന്നത്"*** എന്ന് പറഞ്ഞു. ***(പ്രവൃത്തികൾ 27:23)*** താൻ രക്ഷിക്കപ്പെട്ടതിനാൽ, താൻ ദൈവത്തിന്റെതാണെന്നും അവൻ തിരിച്ചറിഞ്ഞു, അവനെ സേവിക്കുവാനും അനുസരിക്കുവാനും അവൻ ആഗ്രഹിക്കുന്നു. പൗലോസ്"രക്ഷിക്കപ്പെട്ടത് "സേവിക്കുവാൻ" വേണ്ടിയാണ് നിങ്ങളും അങ്ങനെതന്നെയാണോ !

**ക്രിസ്തീയ ജീവിതം**
**എന്ന പഠനത്തിന്റെ 5 യൂണിറ്റിൽ രണ്ടാമത്തെ പാഠമാണ്**

ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

# A7-ക്രിസ്തീയ ജീവിതം

## ഒരു അനുസരണയുള്ള ജീവിതം

## പാഠം 2 - സ്നാനപ്പെടുക

**വായനഭാഗം:**
**പ്രവൃത്തികൾ 2:36 – 47**

**താക്കോൽ വാക്യം:**

**"ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ………"**
മത്തായി 28 :19

***അപ്പോസ്തല പ്രവൃത്തികൾ 2: 41***ൽ ഒരേ ദിവസം 3,000 ത്തിലധികം ആളുകൾ ക്രിസ്ത്യാനികളായതായി നാം വായിക്കുന്നു. നിരവധി കാര്യങ്ങൾ അക്കാലത്ത് സംഭവിച്ചു. അത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് .ആദിമ ക്രിസ്ത്യാനികൾ എന്താണ് ചെയ്തുപോന്നിരുന്നത് എന്ന് നമുക്ക് വെളിപ്പെടുത്തിതന്നിരിക്കുന്നു .

### 1. അവർ "അവന്റെ വചനം സ്വീകരിച്ചു."

അതിനർത്ഥം അവർ പത്രോസ് പ്രസംഗിച്ച സന്ദേശം ശ്രദ്ധിക്കുകയും അത് അംഗീകരിക്കുകയും അതിനനുസരണമായി പ്രവർത്തിക്കുകയും ചെയ്തു എന്നാണ്. അവർ യേശുവിനെ ***"കർത്താവും ക്രിസ്തുവും"*** ആണെന്ന് വിശ്വസിച്ചു. അവർ തങ്ങളുടെ പാപത്തെക്കുറിച്ച് അനുതപിക്കുകയും രക്ഷിക്കപ്പെടുകയും ചെയ്തു.

### 2. അവർ സ്നാനമേറ്റു.

സ്നാനം ഈ വ്യക്തികളെ സംബന്ധിച്ച് വളരെ പ്രാധാന്യമേറിയതായിരുന്നു. ലോകമെമ്പാടുമുള്ള വിശ്വാസികളുടെ അനുസരണത്തിന്റെ ഒരു പ്രധാന പ്രവൃത്തിയായി ഇത് തുടരുന്നു. സ്നാനപ്പെടുക എന്നതിന്റെ അർത്ഥമെന്താണെന്ന് നാം ശ്രദ്ധിക്കേണ്ടതാണ് .

### ആരാണ് സ്നാനമേറ്റത്?

***"അവന്റെ വചനം സ്വീകരിച്ചവർ"*** ഇതിനകം വിശ്വാസികളായിത്തീർന്ന ആളുകൾ. *(പ്രവൃത്തികൾ 2:41)* സുവിശേഷത്തോടുള്ള അനുസരണത്തിന്റെ ആദ്യപടി പാപം ഏറ്റുപറഞ്ഞ് പാപമോചനത്തിനായി ദൈവത്തിങ്കലേക്ക് തിരിയുന്നതിലൂടെയുള്ള മാനസാന്തരമാണ്. രണ്ടാമത്തെ ഘട്ടം കർത്താവായ യേശുവിലുള്ള വിശ്വാസമാണ് .ബൈബിളിൽ, അവനിൽ വിശ്വസിക്കുകയെന്നത് സ്നാനപ്പെടുന്നതുമായി വളരെ അധികം ബന്ധപ്പെട്ടിരിക്കുന്നു. വിശ്വാസികൾ ആണ് സ്നാനമേറ്റത് അവിശ്വാസികളല്ലെന്ന് എല്ലായ്പ്പോഴും ഊന്നിപ്പറയുന്നു. ഒരു വ്യക്തി സ്നാനത്തിനു മുമ്പ് വിശ്വാസിയാകുന്നു, സ്നാനത്തിന് ശേഷമോ സ്നാനപ്പെട്ടതു കൊണ്ടോ അല്ല എന്നതും വ്യക്തമാണ്. ക്രിസ്തുവിന്റെ പ്രവർത്തിയിലുള്ള നമ്മുടെ വിശ്വാസമാണ് നമ്മെ ക്രിസ്ത്യാനികളാക്കുന്നത്. അല്ലാതെ നമ്മുടെ സ്നാനമല്ല. സ്നാനം എന്നത് ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ "ഫലമാണ്",. അല്ലാതെ അതിന്റെ കാരണമല്ല.

### അവർ എങ്ങനെയാണ് സ്നാനമേറ്റത്?

പുതിയ നിയമം ആദ്യം എഴുതിയ ഗ്രീക്ക് ഭാഷയിലെ "സ്നാനം"എന്ന വാക്കിന്റെ അർത്ഥം "മുങ്ങുക"അല്ലെങ്കിൽ "പൂർണ്ണമായും വെള്ളത്തിനുള്ളിലാകുക "എന്നാണ്. നിങ്ങൾക്ക് വെള്ള തുണിയുടെ നിറം നീലയിലേക്ക് മാറ്റണമെങ്കിൽ, നിങ്ങൾ വെള്ളത്തിൽ നീല ചായം കലക്കും തുടർന്ന് തുണി നീല നിറത്തിലുള്ള വെള്ളത്തിൽ മുക്കും. അതുപോലെ, നിങ്ങൾ ഒരു തുണിക്കഷണം വെള്ളത്തിൽ മുക്കി "സ്നാനം"ചെയ്യുന്നതുപോലെ, ക്രിസ്ത്യാനികൾ ആയിത്തീർന്നതിനുശേഷം വെള്ളത്തിൽ മുങ്ങുന്നു .ഇതേ കാര്യമാണ് നിർജ്ജനപ്രദേശത്തു വെച്ച് എത്യോപ്യക്കാരന് സംഭവിച്ചതും . *(പ്രവൃത്തികൾ 8:36– 38)* ഫിലിപ്പോസ് തന്നോട് പ്രസംഗിച്ച സന്ദേശം അവൻ ശ്രദ്ധിക്കുകയും അത് വിശ്വസിക്കുകയും സ്നാനമേൽക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അവർ മരുഭൂമിയിൽ വെള്ളമുള്ള സ്ഥലത്ത് എത്തിയപ്പോൾ അവനും ഫിലിപ്പോസും ***"ഇരുവരും വെള്ളത്തിൽ ഇറങ്ങി"*** അവൻ അതിൽ സ്നാനം ഏറ്റു.



### അവർ എന്തിനാണ് സ്നാനമേറ്റത്?

അവരെ വിട്ട് സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോകുന്നതിന് തൊട്ടുമുമ്പ് കർത്താവായ യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞതിനാലാണ് അവർ സ്നാനം ഏറ്റത് ***"നിങ്ങൾ പുറപ്പെട്ട്….. ശിഷ്യരാക്കി കൊൾവിൻ … അവരെ സ്നാനം കഴിപ്പിച്ചും".*** *(മത്തായി 28:19)* യെരൂശലേമിലെ ഈ പുതിയ വിശ്വാസികളോട് അവർ സ്നാനമേൽക്കേണ്ടതുണ്ടെന്ന് പറഞ്ഞതിലൂടെ പത്രോസ് യേശുവിനെ അനുസരിക്കുകയാണ് ചെയ്തത് . അവരുടെ സ്നാനം അനുസരണത്തിന്റെ ഒരു പ്രവൃത്തിയായിരുന്നു. എല്ലാ ക്രിസ്ത്യാനികളും ഈ വിധത്തിൽ അനുസരണമുള്ളവരായിരിക്കണം!

### സ്നാനത്തിന്റെ ആത്മീയ അർത്ഥം എന്താണ്?

ഒരു വിശ്വാസി വെള്ളത്തിൽ മുങ്ങുമ്പോഴും,വെള്ളത്തിൽ നിന്ന് പുറത്തു വരുമ്പോഴും താൻ വിശ്വസിച്ചത് പ്രതീകാത്മകമായി കാണിക്കുകയാണ് ചെയ്യുന്നത്. പൗലോസ് ***1 കൊരിന്ത്യർ 15: 3, 4ൽ എഴുതി,"ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു… അടക്കപ്പെട്ടു… മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു…"*** ഒരു ക്രിസ്ത്യാനി സ്നാനമേൽക്കുമ്പോൾ, തന്റെ രക്ഷയുടെ അടിസ്ഥാനമായിരിക്കുന്ന കർത്താവായ യേശുവിന്റെ മരണത്തിലും അടക്കത്തിലും പുനരുത്ഥാനത്തിലും ഉള്ള തന്റെ വിശ്വാസമാണ് പ്രഖ്യാപിക്കുന്നത്.

### 3. അവർ പഠിക്കുവാൻ തുടങ്ങി.

രക്ഷിക്കപ്പെടുകയും സ്നാനപ്പെടുകയും ചെയ്ത അവർ യേശുവിന്റെ പഠിപ്പിക്കലുകൾ പഠിക്കുവാൻ തുടങ്ങി. അവരെ പഠിപ്പിച്ചവർ അപ്പോസ്തലന്മാരാണ്, അവർ യേശുവിനോടുകൂടെ ഉണ്ടായിരുന്നവരും അവന്റെ പഠിപ്പിക്കലുകൾ കേട്ടവരുമാണ്. പുതിയ ക്രിസ്ത്യാനികൾ ***"അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടു പോന്നു.."*** *(പ്രവൃത്തികൾ 2:42)* മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ക്രിസ്തീയ വിശ്വാസം എന്താണെന്ന് അറിയാൻ അവർ എല്ലാ അവസരങ്ങളും ഉപയോഗിച്ചു.

നിങ്ങൾ സുവിശേഷത്തിൽ വിശ്വസിച്ചിട്ടുണ്ടെങ്കിൽ, യേശു നിങ്ങളുടെ രക്ഷകനും കർത്താവുമാണ്. സ്നാനമേറ്റുകൊണ്ട് നിങ്ങൾക്ക് ഇപ്പോൾ അവനോടുള്ള അനുസരണം കാണിക്കാം. പുതിയ നിയമം പഠിപ്പിക്കുന്ന രീതിയിൽ വിശ്വാസിയുടെ സ്നാനം ആചരിക്കുന്നതും ബൈബിൾ വിശ്വസ്തതയോടെ പഠിപ്പിക്കപ്പെടുന്നതുമായ ഒരു പ്രാദേശിക സഭ കണ്ടെത്തുക. പഠിക്കുക, അനുസരിക്കുക, പിന്നീട് നിങ്ങൾക്ക് മറ്റുള്ളവരെ പഠിപ്പിക്കുവാൻ കഴിയും.

# ഉത്തരക്കടലാസ്

## A7-ക്രിസ്തീയ ജീവിതം

### ഒരു അനുസരണയുള്ള ജീവിതം

### പാഠം 1 – യേശു കർത്താവാണ്

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ______________________________

**വിലാസം:** ______________________________

1. **ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 3

   A) ഏത് സ്ഥലത്തു വെച്ചാണ് വിശ്വാസികളെ ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിച്ചത്? ***(പ്രവൃത്തികൾ 11: 25, 26)***

   B) "ക്രിസ്ത്യാനി" എന്ന വാക്ക് അർത്ഥമാക്കുന്നത് എന്താണ് ?

2. **ക്രിസ്ത്യാനികളെ ബൈബിളിൽ "വിശ്വാസികൾ" എന്ന് വിളിക്കുന്നത് എന്തുകൊണ്ട്?** / 2

   ______________________________

   ______________________________

3. ***"അനുഗമിക്കുന്നവൻ" എന്ന വാക്കിന്റെ അർത്ഥം വിശദീകരിക്കുകയും ഈ പ്രയോഗം ഒരു ക്രിസ്ത്യാനിക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിയുന്നതെങ്ങനെ എന്ന് നിർദ്ദേശിക്കുകയും ചെയ്യുക.*** / 3

   ______________________________

   ______________________________

4. **ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 4

   a) യേശു തന്റെ പന്ത്രണ്ട് ശിഷ്യന്മാരെ തിരഞ്ഞെടുത്തതിന് രണ്ട് കാരണങ്ങൾ നൽകുക?

   ______________________________

   b) പന്ത്രണ്ട് ശിഷ്യന്മാരിൽ നാല് പേരുടെ പേര് നൽകുക. ***(മർക്കോസ് 3: 16 – 19)***

   ______________________________

5. **1 മുതൽ 4 വരെയുള്ള വാചകങ്ങൾ ക്രമപ്പെടുത്തി ശിഷ്യനാകുന്ന പ്രക്രിയ ശരിയായ ക്രമത്തിൽ ആക്കുക** / 4

   അവൻ തന്റെ ഗുരുവിന്റെ പഠിപ്പിക്കലുകൾ ശ്രദ്ധിക്കുകയും അവൻ എങ്ങനെ ജീവിക്കുന്നുവെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു ____________

   മറ്റുള്ളവരെ പഠിപ്പിക്കാൻ ഗുരു തന്റെ ശിഷ്യനെ അയയ്ക്കുന്നു. ____________

   അവൻ യജമാനനെപ്പോലെ ആയിത്തീരുന്നു. ____________

   ശിഷ്യൻ തന്റെ ഗുരുവിനോടൊപ്പം സമയം ചെലവഴിക്കുന്നു. ____________

6. ***1 കൊരിന്ത്യർ 6:19, 20* വായിക്കുക.** / 4

   a) കൊരിന്തിലെ ക്രിസ്ത്യാനികൾക്ക് "***നിങ്ങൾ നിങ്ങൾക്കുള്ളവരല്ല***" എന്ന് എഴുതിയപ്പോൾ പൗലോസ് എന്താണ് ഉദ്ദേശിച്ചത്?

   ______________________________

   b) ഇന്ന് ക്രിസ്ത്യാനികൾക്ക് തങ്ങളുടെ ശരീരം കൊണ്ട് "***ദൈവത്തെ മഹത്വപ്പെടുത്തുവാൻ***" എങ്ങനെ കഴിയും?

   ______________________________

7. **ബൈബിൾ വായന യോഹന്നാൻ *13: 12 – 17* വീണ്ടും വായിക്കുക.** / 2

   a) ഈ വായനാഭാഗത്തു യേശു സ്വയം എന്താണ് വിളിക്കുന്നത്? ____________

   b) തന്റെ ശിഷ്യന്മാർക്ക് പിന്തുടരുവാൻ അവൻ എന്ത് മാതൃകയാണ് നൽകിയത്? ____________

8. **യേശുവിനെ നിങ്ങളുടെ ജീവിതത്തിന്റെ കർത്താവാക്കുക എന്നതിന്റെ അർത്ഥമെന്താണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.** / 3

   ______________________________

   ______________________________

   ______________________________

**ചിന്തിക്കുക:** ശിഷ്യരായ നമുക്ക്, കേൾക്കുക, നോക്കുക, പഠിക്കുക, ഗുരുവിനെപ്പോലെ ജീവിക്കുക എന്നതാണ് വെല്ലുവിളി! ഒരു ശിഷ്യൻ എന്ന നിലയിൽ താങ്കൾ എത്രത്തോളം വിജയിച്ചിട്ടുണ്ട്..

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A7-ക്രിസ്തീയ ജീവിതം

### ഒരു അനുസരണയുള്ള ജീവിതം

### പാഠം 2 - സ്നാനപ്പെടുക

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 6

a) മാനസാന്തരപ്പെടുക എന്നതിന്റെ അർത്ഥമെന്താണ്? ____________________

____________________

b) യെരൂശലേമിലെ യഹൂദന്മാർക്ക് മാനസാന്തരപ്പെടേണ്ടത് ആവശ്യമായിരുന്നത് എന്തുകൊണ്ട്? (*പ്രവൃത്തികൾ 2: 36 – 38* കാണുക) ____________________

____________________

c) എന്തിനാണ് നമ്മൾ മനസാന്തരപ്പെടേണ്ടത് ? ____________________

____________________

**2. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 4

a) "സ്നാനം" എന്ന വാക്കിന്റെ അർത്ഥമെന്താണ്? ____________________

____________________

b) *പ്രവൃത്തികൾ 8: 36 – 38*ൽ രേഖപ്പെടുത്തിയിരിക്കുന്നത് പോലെ, എത്യോപ്യക്കാരന്റെ സ്നാനത്തെക്കുറിച്ച് ലഘുവായി വിവരിക്കുക. ____________________

____________________

**3. ഓരോ പ്രസ്താവനയ്ക്കും ശേഷം ശരി അല്ലെങ്കിൽ തെറ്റ് എന്ന് എഴുതുക:** / 3

a) സ്നാനം അനുസരണത്തിന്റെ ഒരു പ്രവൃത്തിയാണ്. ____________________

b) ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനമാണ് സ്നാനം ____________________

c) ബൈബിൾ കാലഘട്ടങ്ങളിൽ മാത്രമാണ് സ്നാനം നടന്നത്. ____________________

**4. കർത്താവായ യേശുവിൽ വിശ്വസിക്കുന്നത് എല്ലായ്പ്പോഴും സ്നാനത്തിന് മുമ്പായി വരണം. ഈ പ്രസ്താവനയെ പിന്തുണയ്ക്കുന്ന ബൈബിൾ വായനയിൽ നിന്ന് ഒരു വാക്യം എഴുതുക.** / 2

____________________

____________________

**5. ഈ ചോദ്യങ്ങൾക്ക് ഓരോന്നിനും ചുരുക്കം വാക്കുകളിൽ ഉത്തരം നൽകുക:** / 5

a) ആരാണ് സ്നാനത്തിന് കൽപന നൽകിയത്? ____________________

b) ആരെയാണ് സ്നാനപ്പെടുത്തേണ്ടത്? ____________________

c) അവർ എങ്ങനെയാണ് സ്നാനം ഏൽക്കേണ്ടത്? ____________________

d) അവർ എന്തിന് സ്നാനപ്പെടുത്തണം? ____________________

e) സ്നാനം എന്തിനെയാണ് ചിത്രീകരിക്കുന്നത്? ____________________

**6. സ്നാനം എന്നത് ഒരു വ്യക്തിയുടെ വ്യക്തിപരമായ വിശ്വാസത്തിന്റെ പൊതു പ്രകടനമാണ്. ഈ പഠനത്തിൽ നിന്ന് നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങളിൽ നിന്ന് ഈ പ്രസ്താവന വിശദീകരിക്കുക.** / 2

____________________

____________________

**7. *പ്രവൃത്തികൾ 2: 42* ലെ വിശ്വാസികൾ "അപ്പോസ്തലന്മാരുടെ ഉപദേശത്തിൽ അർപ്പണബോധമുള്ളവരായിരുന്നു". ഇത് എന്താണ് അർത്ഥമാക്കുന്നത്, ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങൾക്ക് ഇത് എങ്ങനെ ബാധകമാക്കാം?** / 3

____________________

____________________

**ചിന്തിക്കുക:** ക്രിസ്തീയ നേതൃത്വത്തിലുള്ള ആളുകളിൽ നിന്ന് സ്നാനമേൽക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതിന്റെ കാരണങ്ങൾ എങ്ങനെ വിശദീകരിക്കും?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A7-ക്രിസ്തീയ ജീവിതം

### ഒരു അനുസരണയുള്ള ജീവിതം

പാഠം 3 - കൂട്ടായ്മ

**അദ്ധ്യാപകന്റെ അഭിപ്രായം:**

**1. ദൈവത്തിന്റെ കുടുംബത്തിന്റെ ഭാഗമാകുക എന്നതിന്റെ അർത്ഥമെന്താണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ സംക്ഷിപ്തമായി വിശദീകരിക്കുക.** / 2

**2. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 6

a) ആദിമകാല ക്രിസ്ത്യാനികൾ "കൂട്ടായ്മ" എന്നാൽ എന്താണെന്നാണ് അർത്ഥമാക്കിയിരുന്നത് ?

b) ക്രിസ്ത്യാനികൾ പരസ്പരം സ്നേഹം പ്രകടമാക്കിയത് ഏതെല്ലാം പ്രായോഗിക വഴിയിൽ ആണ് ?
*(പ്രവൃത്തികൾ 2: 44, 45; പ്രവൃത്തികൾ 4: 34, 35 കാണുക)*

c) ക്രിസ്തീയ കൂട്ടായ്മകൊണ്ടും ക്രിസ്തീയ സുഹൃത്തുക്കൾ ഉള്ളതുകൊണ്ടും ഉള്ള പ്രയോജനങ്ങൾ എന്തൊക്കെയാണെന്നാണ് നിങ്ങൾ കരുതുന്നത് ?

**3. ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 4

a) ആളുകൾ ഇന്ന് 'സഭ' എന്ന വാക്ക് ഉപയോഗിക്കുമ്പോൾ പലപ്പോഴും എന്താണ് അർത്ഥമാക്കുന്നത്?

b) "സഭ" എന്ന വാക്കിന്റെ പുതിയ നിയമത്തിലെ അർത്ഥമെന്താണ്?

**4. "അപ്പം നുറുക്കൽ" കർത്താവായ യേശു തന്നെ പരിചയപ്പെടുത്തിയ കാര്യമാണ് *1 കൊരിന്ത്യർ 11: 23–26* വായിച്ച ശേഷം താഴെപ്പറയുന്നവയ്ക്ക് ചുരുക്കമായി ഉത്തരം നൽകുക:** / 5

a) എപ്പോഴാണ് കർത്താവ് അത് അവതരിപ്പിച്ചത്? ______

b) അപ്പം എന്തിനെ സൂചിപ്പിക്കുന്നു എന്നാണ് കർത്താവ് പറഞ്ഞത് ? ______

c) പാനപാത്രത്തെക്കുറിച്ച് കർത്താവ് എന്താണ് പറഞ്ഞത്? ______

d) എന്തിനാണ് ക്രിസ്ത്യാനികൾ അപ്പത്തിലും പാനപാത്രത്തിലും പങ്കാളികളാകുന്നത്? ______

e) എത്ര കാലത്തേക്കാണ് അവർ ഇത് തുടരേണ്ടത് ? ______

**5. ശരിയോ തെറ്റോ എന്ന് ഉത്തരം നൽകുക:** / 4

a) ക്രിസ്ത്യാനികൾ ഒരുമിച്ചു കൂടണമെന്നത് ദൈവഹിതമാണ്. ______

b) ബൈബിളിൽ, "സഭ" എന്ന വാക്കിന് എല്ലായ്പോഴും മതപരമായ സേവനങ്ങൾക്കുള്ള കെട്ടിടം എന്നാണ് അർത്ഥമാക്കുന്നത്. ______

c) "അപ്പം നുറുക്കൽ" ചിലപ്പോൾ "കർത്താവിന്റെ അത്താഴം" എന്ന് വിളിക്കപ്പെടുന്നു. ______

d) ദൈവത്തോട് പ്രാർത്ഥിക്കുക എന്നത് 1–ാം നൂറ്റാണ്ടിലെ സഭാജീവിതത്തിന്റെ ഒരു സവിശേഷതയായിരുന്നു. ______

**6. പ്രാർഥനാ യോഗത്തെക്കുറിച്ച് *പ്രവൃത്തികൾ 4: 23–31* ൽ വായിക്കുക.** / 4

a) ക്രിസ്ത്യാനികൾ തങ്ങൾക്കുവേണ്ടി എന്താണ് പ്രാർത്ഥിച്ചത്? *(വാക്യം 29)*

b) ഈ പ്രാർത്ഥനായോഗത്തിന്റെ ഫലമായി ഏതൊക്കെ മൂന്ന് കാര്യങ്ങളാണ് സംഭവിച്ചത് ?*(വാക്യം 31)*

**ചിന്തിക്കുക:** കർത്താവായ യേശുവിന്റെ അനുഗാമി എന്ന നിലയിൽ നിങ്ങൾക്ക് പ്രോത്സാഹനമായ ക്രിസ്ത്യാനികളെ ഓർത്തു ദൈവത്തിന് നന്ദി പറയുക.നിങ്ങൾക്ക് സഹായിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും കഴിയുന്ന ഒരു പ്രത്യേക വ്യക്തിയെക്കുറിച്ച് ചിന്തിക്കുക.

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## A7-ക്രിസ്തീയ ജീവിതം

### ഒരു അനുസരണയുള്ള ജീവിതം

പാഠം 4 – മറ്റുള്ളവരോട് പറയുക

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. ***മർക്കോസ് 16: 15**ൽ നിന്ന് ഉദ്ധരിച്ച വാക്കുകൾ പലപ്പോഴും "വലിയ നിയോഗം" എന്ന് വിളിക്കപ്പെടുന്നു. കർത്താവായ യേശു തന്റെ ശിഷ്യന്മാരോട് എന്താണ് ചെയ്യാൻ പറഞ്ഞതെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ ചുരുക്കമായി എഴുതുക.* /3

2. ***പ്രവൃത്തികൾ 1: 8** (താക്കോൽ വാക്യം) വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:* /4

   a) അപ്പോസ്തലന്മാർ സാക്ഷികളായിരിക്കേണ്ട സ്ഥലങ്ങളുടെ പേരുകൾ നൽകുക.

   b) നാം ആർക്കുവേണ്ടിയാണ് സാക്ഷികളാകേണ്ടത്?

   c) സാക്ഷികളാകുവാനുള്ള ശക്തി ആരാണ് നൽകുന്നത്?

3. ***യോഹന്നാൻ 4: 25– 30 വീണ്ടും വായിക്കുക*** / 4

   a) യേശു "മശിഹാ" (ക്രിസ്തു) ആണെന്ന് മറ്റെന്തിനേക്കാളും സ്ത്രീയെ ബോധ്യപ്പെടുത്തിയത് എന്താണ്?

   b) അവളുടെ വാക്കുകൾ നഗരത്തിലെ പുരുഷന്മാരിൽ എന്ത് മാറ്റമാണ് ഉണ്ടാക്കിയത് ?

4. ***പ്രവൃത്തികൾ 8: 14** വായിച്ചതിന് ശേഷം ചോദ്യങ്ങൾക്ക് ചെറിയ വാക്കുകളിൽ ഉത്തരങ്ങൾ എഴുതുക:* / 4

   a) ക്രിസ്ത്യാനികൾക്ക് യെരുശലേം വിട്ടുപോകേണ്ടിവന്നത് എന്തുകൊണ്ട്?

   b) അവർ എവിടെ പോയി?

   c) ഏതെല്ലാം വിധത്തിലാണ് അവർ പീഡിപ്പിക്കപ്പെട്ടത്?

   d) ഈ ക്രിസ്ത്യാനികൾ ചിതറിപ്പോയപ്പോൾ അവർ എങ്ങനെയാണ് സാക്ഷ്യം വഹിച്ചത്?

5. **ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:** / 4

   a) ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തിന്റെ പേരിൽ ഇന്ന് ഏതെല്ലാം വിധങ്ങളിൽ ആണ് പീഡനങ്ങൾ സഹിക്കേണ്ടി വരുന്നത്?

   b) നാം പീഡിപ്പിക്കപ്പെടുമ്പോൾ, കർത്താവായ യേശു തന്റെ ശിഷ്യന്മാർക്ക് നൽകിയ വാഗ്ദത്തം നാം ഓർക്കണം. *(മത്തായി 28:19, 20)* ആ വാഗ്ദത്തം ഇവിടെ എഴുതുക

6. ***റോമർ 10: 13 – 15** മുതൽ താഴെയുള്ള രൂപരേഖ പൂർത്തിയാക്കുക.* / 6

   ‘‘കർത്താവിന്റെ നാമത്തെ ______ ഏവനും ______

   ↓

   എന്നാൽ അവർ ______ എങ്ങനെ വിളിച്ചപേക്ഷിക്കും ?

   ↓

   അവർ ______ എങ്ങനെ വിശ്വസിക്കും?

   ↓

   ______ ഇല്ലാതെ എങ്ങനെ കേൾക്കും?

   ↓

   ആരും അയക്കാതെ ______ ?

**ചിന്തിക്കുക:** കർത്താവായ യേശുവിനെ കുറിച്ച് ഒരു സുഹൃത്തിനോട് പറയാൻ നിങ്ങൾക്ക് അവസരം ലഭിച്ചാൽ, നിങ്ങൾ പറയുവാൻ ആഗ്രഹിക്കുന്ന പ്രധാന കാര്യങ്ങൾ എന്തൊക്കെയാണ്?

**ആകെ മാർക്ക്** / 25 **ആകെ യൂണിറ്റ് മാർക്ക്** / 100

© Bible Educational Services | Visit : www.besweb.com | 01/2023

# ബൈബിൾ ടൈം
സമഗ്ര പഠനം

bes
bible educational services

## A7-ക്രിസ്തീയ ജീവിതം

### ഒരു അനുസരണയുള്ള ജീവിതം
### പാഠം 3 – കൂട്ടായ്മ

**വായനഭാഗം:**

**പ്രവൃത്തികൾ 2:41–47; പ്രവൃത്തികൾ 20:6–12**

**താക്കോൽ വാക്യം:**

**"ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിന്നും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണും തോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു."**

എബ്രായർ 10 :24 ,25

### അവർ പരസ്പരം കൂട്ടായ്മ ആചരിച്ചിരുന്നു .

നാം ക്രിസ്ത്യാനികളാകുമ്പോൾ നാം ദൈവത്തിന്റെ കുടുംബത്തിന്റെ ഭാഗമായിത്തീരുന്നു. ദൈവം നമ്മുടെ സ്വർഗീയ പിതാവാണ്, നാം അവന്റെ മക്കളാണ്, മറ്റ് ക്രിസ്ത്യാനികൾ നമ്മുടെ സഹോദരീസഹോദരന്മാരാണ്. ***(യോഹന്നാൻ 1:12)*** യുവ വിശ്വാസികൾ എന്ന നിലയിൽ ദൈവത്തിന്റെ കുടുംബത്തിലെ നമ്മുടെ സഹോദരീസഹോദരന്മാരുടെ പിന്തുണയും പരിചരണവും സൗഹൃദവും നമുക്ക് ഉണ്ടായിരിക്കേണ്ടത് പ്രധാനമാണ്.



***പ്രവൃത്തികൾ** 2: 42*ൽ, ആദിമ ക്രിസ്ത്യാനികൾ ***"കൂട്ടായ്മ ആചരിച്ചു"*** എന്ന് നാം വായിക്കുന്നു. ഇതിനർത്ഥം അവർ പരസ്പരം ധാരാളം സമയം ചിലവഴിച്ചു. ഇപ്പോൾ അവർ വിശ്വാസികളായതിനാൽ അവർക്ക് ഒരുപാട് സാമ്യമുണ്ടെന്ന് അവർ കണ്ടെത്തി. അവർ ദൈവത്തെ സ്നേഹിച്ചും , അവർ പരസ്പരം സ്നേഹിച്ചും, ഒരുമിച്ച് സമയം ചെലവഴിക്കാൻ അവർ ഇഷ്ടപ്പെട്ടും കൊണ്ട് ഈ പുതിയ ക്രിസ്ത്യാനികൾ അവരുടെ ഭക്ഷണവും വീടും പണവും ദൈവത്തെക്കുറിച്ചുള്ള അറിവും ഒരുമിച്ച് പങ്കിട്ടു.

ഇക്കാലത്ത്, ക്രിസ്ത്യാനികൾ കൂടിവരുന്ന കെട്ടിടത്തിനെ "സഭ "എന്ന് വിളിക്കുന്നു. ഉദാഹരണത്തിന്, ആരെങ്കിലും ഒരു സ്ഥലത്തെക്കുറിച്ചു അടയാളം ചോദിച്ചാൽ ***"നേരെ പോയി റോഡിന്റെ ഇടത്തോട്ട് തിരിഞ്ഞാൽ അവിടെ ഒരു സഭയുണ്ട്.*** അതിന്റെ അടുത്ത് എന്ന് പറഞ്ഞുകൊടുക്കും. എന്നാൽ പ്രവൃത്തികളുടെ പുസ്തകം എഴുതിയ ഗ്രീക്ക് ഭാഷയിലെ "സഭ"എന്ന വാക്കിന്റെ അർത്ഥം "വിളിക്കപ്പെട്ടവർ "എന്നാണ്. അതിനാൽ, കർത്താവായ യേശു ഈ ലോകത്തിൽ നിന്ന് വിളിക്കപ്പെട്ടവരെ ദൈവത്തിന്റെ കുടുംബത്തിലേക്ക് ദത്തെടുക്കയും, അവനെ അനുഗമിക്കുന്നവരുമായ ആളുകളുടെ ഒരു കൂട്ടം അല്ലെങ്കിൽ സമൂഹമാണ് സഭ. *(1 **പത്രോസ്** 2: 9)*

### അവർ തങ്ങളെത്തന്നെ അപ്പം നുറുക്കുന്നതിനും പ്രാർത്ഥനകൾക്കുമായി സമർപ്പിച്ചു.

***"അപ്പം നുറുക്കുവാനും"*** പ്രാർത്ഥിക്കുവാനും വിശ്വാസികൾ ഒത്തുകൂടിയതായി ***പ്രവൃത്തികൾ*** *2: 42* നമ്മോട് പറയുന്നു. ***"അപ്പം നുറുക്കൽ"*** കർത്താവിന്റെ അത്താഴം എന്നും അറിയപ്പെടുന്നു. (*1 **കൊരിന്ത്യർ** 11:20* കാണുക) കർത്താവായ യേശുവിനെ ഓർത്ത് വിശ്വാസികൾ ഒരുമിച്ചുകൂടി അപ്പം നുറുക്കി പാനപാത്രം കുടിക്കുന്ന സമയമായിരുന്നു അത്. ***"എന്റെ ഓർമയ്ക്കായി ഇത് ചെയ്യുവിൻ"*** എന്ന് മരിക്കുന്നതിന് മുമ്പ് യേശു ശിഷ്യന്മാരോട് പറഞ്ഞതിനാലാണ് അവർ ഇത് ചെയ്തത്. *(**ലൂക്കോസ്** 22: 19, 1 **കൊരിന്ത്യർ** 11: 23– 26* എന്നിവ കാണുക)



അവർ പ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂടി. ദൈവത്തോട് സംസാരിക്കുന്നതാണ് പ്രാർത്ഥന. ബൈബിൾ വായിക്കുമ്പോൾ ദൈവം നമ്മോട് സംസാരിക്കുന്നു. നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തോട് സംസാരിക്കുന്നു. സ്വന്തമായി പ്രാർത്ഥിക്കുന്നതും നിങ്ങളുടെ ഹൃദയത്തിലുള്ളത് വ്യക്തിപരമായി ദൈവത്തോട് പറയുന്നതും നല്ലതാണ്. എന്നാൽ മറ്റ് ക്രിസ്ത്യാനികളോടൊപ്പം പ്രാർത്ഥിക്കുന്നതും നമുക്ക് ആവശ്യമാണ്. ആദ്യത്തെ പ്രാർത്ഥനാ യോഗങ്ങളിൽ ചിലത് ***പ്രവൃത്തികൾ** 4: 23– 31 **ലും** 12: 12– 16 **ലും*** രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികളുടെ മാതൃകയിൽ നിന്ന്, നാം സ്നാനമേൽക്കാനും മറ്റ് ക്രിസ്ത്യാനികളുമായി സഹവസിക്കാനും ഒരുമിച്ച് അപ്പം നുറുക്കാനും ദൈവവചനം കേൾക്കാനും പ്രാർത്ഥനയിൽ പരസ്പരം ചേരാനും ദൈവം ആഗ്രഹിക്കുന്നുവെന്ന് നമുക്ക് കാണാം. ഇങ്ങനെ ചെയ്താൽ നാം ആത്മീകമായി വളരുകയും മറ്റുള്ളവരെ ആത്മീകമായി വളരാൻ സഹായിക്കുകയും ദൈവത്തെ പ്രസാദിപ്പിക്കുകയും ചെയ്യും. ***പ്രവൃത്തികൾ** 20: 7*ൽ, ക്രിസ്ത്യാനികൾ, അനേകം വർഷങ്ങൾക്ക് ശേഷവും, ***പ്രവൃത്തികൾ** 2*ലെ ഈ ആദിമ ക്രിസ്ത്യാനികളുടെ മാതൃക പിന്തുടരുന്നതായി നാം കാണുന്നു. പൗലോസ് അവരെ സന്ദർശിക്കാൻ വന്നപ്പോൾ, അവർ ***"അപ്പം നുറുക്കുവാനും"*** ദൈവവചനം കേൾക്കുവാനും ഒത്തുകൂടി വരുന്നതായി കണ്ടു.

ഇന്നും ക്രിസ്ത്യാനികൾ സഭയായി ഒത്തുകൂടുന്നു എന്നത് ക്രിസ്തീയ സന്ദേശത്തിന്റെ യാഥാർത്ഥ്യത്തെയും പരിശുദ്ധാത്മാവിന്റെ ശക്തിയെയും കാണിക്കുന്നു. ഒരു വിശ്വാസിയും ദൈവകുടുംബത്തിലെ ഒരുഅംഗവും എന്ന നിലയിൽ, ഒരു സഭാ കുടുംബത്തിന്റെ ഭാഗമായി മറ്റ് വിശ്വാസികളുമായി കണ്ടുമുട്ടാൻ നിങ്ങൾ ആഗ്രഹിക്കും. ഒരുമിച്ച് സമയം ചെലവഴിക്കുക, പരസ്പരം പ്രോത്സാഹിപ്പിക്കുക, പ്രാർത്ഥിക്കുക, പങ്കുവയ്ക്കുക, കർത്താവായ യേശുവിനെ ഓർക്കുക എന്നിവ മഹത്തായ പദവികളാണ്, ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ നിങ്ങളുടെ വളർച്ചയിൽ അത് അത്യന്താപേക്ഷിതവുമാണ്.

ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

# A7-ക്രിസ്തീയ ജീവിതം

## ഒരു അനുസരണയുള്ള ജീവിതം

### പാഠം 4 - മറ്റുള്ളവരോട് പറയുക

വായനഭാഗം:

**യോഹന്നാൻ 4: 5– 30**

താക്കോൽ വാക്യം:

**"എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു".**

പ്രവൃത്തികൾ 1:8

മുമ്പത്തെ പഠനങ്ങളിൽ നാം കണ്ടതുപോലെ, ക്രിസ്ത്യാനികൾ കർത്താവായ യേശുവിന്റെ ശിഷ്യന്മാരാണ്, അല്ലെങ്കിൽ അനുയായികളാണ്. *പ്രവൃത്തികൾ 2* ലെ ആദ്യകാല ക്രിസ്ത്യാനികളുടെ ഉദാഹരണത്തിൽ നിന്ന്, കർത്താവിന്റെ കൽപനയ്ക്ക് അനുസരണമുള്ളവരായി നാം സ്നാനം ഏൽക്കണമെന്ന് കണ്ടു. ക്രിസ്ത്യാനികളുടെ ഒരു പ്രാദേശിക സഭയിൽ ചേരുകയും അവരുടെ കൂടെ "അപ്പം നുറുക്കുന്നതിൽ "പങ്കെടുക്കുകയും ചെയ്യുക, ബൈബിൾ പഠനത്തിലും പ്രാർത്ഥനയിലും ചേരുകയും ചെയ്യുക. എന്നാൽ സ്വർഗ്ഗത്തിലേക്ക് മടങ്ങുന്നതിന് മുമ്പ്, കർത്താവായ യേശു നമുക്ക് മറ്റൊരു കൽപന നൽകി!" അവൻ അവരോടു: "***നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.". (മർക്കോസ് 16:15)*** ഓരോ ക്രിസ്ത്യാനിയും സുവിശേഷത്തിന്റെ സന്ദേശം മറ്റുള്ളവരെ അറിയിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

കർത്താവായ യേശുവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുവാനുള്ള ആഴമായ ആഗ്രഹമാണ് വീണ്ടും ജനനത്തിന്റെ യും ശിഷ്യനാകുന്നതിന്റെയും ഫലങ്ങളിൽ ഒന്ന്. അത് ചുവടെയുള്ള മൂന്ന് ഉദാഹരണങ്ങളിൽ കൂടി നമുക്ക് കാണിച്ചുതരുന്നു.

### 1. വ്യക്തമായി മനസ്സിലാക്കിയ ഒരു സ്ത്രീ

***യോഹന്നാൻ 4***–ാം അദ്ധ്യായത്തിൽ, കർത്താവായ യേശു ശമര്യയിലെ സുഖാർ എന്ന പട്ടണത്തിൽ നിന്നുള്ള ഒരു സ്ത്രീയെ കണ്ടുമുട്ടി. അവൻ അവളോട് സംസാരിക്കുകയും പറഞ്ഞ കാര്യങ്ങൾ അവൾ വിശ്വസിക്കുകയും ചെയ്തു . അവൾ യേശുവിനെപ്പറ്റി നഗരത്തിൽ ചെന്ന് മറ്റുള്ളവരോട് ഇപ്രകാരം പറഞ്ഞു. "***ഞാൻ ചെയ്തതൊക്കെയും എന്നോട് പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ***". വാസ്തവത്തിൽ, അവൾ യേശുവിനെക്കുറിച്ച് അവരോട് പറയുക മാത്രമല്ല, അവനെ വന്ന് കേൾക്കാൻ അവരെ ക്ഷണിക്കുകയും ചെയ്തു. ***(വാക്യം 29) അവളുടെ സാക്ഷ്യത്തിന്റെയും അവളുടെ ക്ഷണത്തിന്റെ ഫലമായി, "അവർ പട്ടണത്തിൽ നിന്ന് പുറപ്പെട്ട് അവന്റെ അടുക്കൽ വന്നു" (വാക്യം 30) "ശമര്യാ സ്ത്രീയുടെ സാക്ഷ്യം നിമിത്തം ആ പട്ടണത്തിലെ അനേകം ശമര്യക്കാർ യേശുവിൽ വിശ്വസിച്ചു"*** എന്ന് നാം പിന്നീട് വായിക്കുന്നു. ***(വാക്യം 39)***

### 2. സുഖം പ്രാപിച്ച മനുഷ്യൻ

മർക്കോസ് 5–ാം അദ്ധ്യായത്തിൽ, കർത്താവായ യേശുവിനാൽ സൌഖ്യം പ്രാപിച്ച ഒരു പിശാചുബാധിതനെക്കുറിച്ച് നാം വായിക്കുന്നു. അവൻ യേശുവിനോടുകൂടെ പോകാൻ ആഗ്രഹിച്ചു, എന്നാൽ യേശു അവനോടു പറഞ്ഞു, "***നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്നു, കർത്താവു നിനക്കു ചെയ്തതു ഒക്കെയും നിന്നോടു കരുണ കാണിച്ചതും പ്രസ്താവിക്ക***" എന്നു അവനോടു പറഞ്ഞു. അവൻ പോയി യേശു തനിക്കു ചെയ്തതൊക്കെയും ദെക്കപ്പൊലിനാട്ടിൽ ഘോഷിച്ചു തുടങ്ങി; "***എല്ലാവരും ആശ്ചര്യപ്പെടുകയും ചെയ്തു" (മർക്കോസ് 5: 18– 20)***

### 3. പീഡിപ്പിക്കപ്പെട്ട ജനങ്ങൾ

യെരൂശലേമിലെ ക്രിസ്ത്യാനികൾ അവരുടെ വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടതും അവരിൽ പലരും യെരുശലേം വിട്ട് യഹൂദ്യയിലേക്കും ശമര്യയിലേക്കും പോയതും എങ്ങനെയെന്ന് ***പ്രവൃത്തികൾ 8*** ൽ രേഖപ്പെടുത്തുന്നു. (താക്കോൽ വാക്യം കാണുക) അവരുടെ വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടിട്ടും വീടുവിട്ടിറങ്ങേണ്ടി വന്നിട്ടും, "***ചിതറിപ്പോയവർ വചനം സുവിശേഷിച്ചുംകൊണ്ടു അവിടവിടെ സഞ്ചരിച്ചു" (വാക്യം 4)***

"***കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും***" എന്ന അത്ഭുതകരമായ വാഗ്ദത്തം ***റോമർ 10:13*** ൽ അടങ്ങിയിരിക്കുന്നു. എന്നാൽ അടുത്ത വാക്യം വളരെ നിർണായകമായ ചില ചോദ്യങ്ങൾ ചോദിക്കുന്നു! "***എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും....? (വാക്യം 14)*** അതുകൊണ്ട് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് മറ്റുള്ളവരും രക്ഷിക്കപ്പെടുവാൻ തക്കവണ്ണം നാമും യേശുവിനെക്കുറിച്ചു മറ്റുള്ളവരോട് പറയണം എന്നാണ് .

***പ്രവൃത്തികൾ 2*** ൽ പത്രോസ് ചെയ്തതുപോലെ എഴുന്നേറ്റു നിന്ന് ഒരു പ്രസംഗം നടത്തുക എന്ന അർത്ഥത്തിൽ നാമെല്ലാവരും പ്രസംഗിക്കുന്നവരല്ല. എന്നാൽ ശമരിയാ സ്ത്രീയും ***മർക്കോസ് 5*** ലെ സൗഖ്യം പ്രാപിച്ച പുരുഷനും ഒരുപക്ഷേ ഒരു പ്രസംഗവും നടത്തിയിട്ടില്ല. യേശു അവർക്കുവേണ്ടി പറഞ്ഞതോ ചെയ്തതോ ആയ കാര്യങ്ങൾ അവർ മറ്റുള്ളവരോട് പറഞ്ഞു. ആർക്കും അത് ചെയ്യുവാൻ കഴിയും!

നിങ്ങൾക്ക് രക്ഷിക്കപ്പെടാത്ത സുഹൃത്തുക്കളോ നിങ്ങളുടെ കുടുംബാംഗങ്ങളോ അയൽക്കാരോ ഉണ്ടോ? കർത്താവായ യേശുവിനെയും ബൈബിളിനെയും കുറിച്ച് അവരോട് സംസാരിക്കാനുള്ള അവസരങ്ങൾക്കായി നോക്കുക, ഒരുപക്ഷേ ദൈവവചനം കേൾക്കാൻ കൂടിവരവുകൾക്കു വരാൻ അവരെ ക്ഷണിക്കുക. ആളുകൾ നമ്മൾ പറയുന്നത് കേൾക്കാതിരിക്കുകയോ പരിഹസിക്കുകയോ ചെയ്തേക്കാം. എന്നാൽ മറ്റുള്ളവരോട് പോയി പറയണമെന്നും നാം അവനെ അനുസരിക്കണമെന്നും ദൈവം നമ്മോട് പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ സാക്ഷ്യത്തിന്റെ ഫലമായി മറ്റുള്ളവർ ക്രിസ്ത്യാനികളാകുകയാണെങ്കിൽ അത് ഒരു അത്ഭുതകരമായ കാര്യമായിരിക്കും.



**ക്രിസ്തീയ ജീവിതം**

**എന്ന പഠനത്തിന്റെ 5 യൂണിറ്റിൽ രണ്ടാമത്തെ പാഠമാണ്**

© Bible Educational Services | Visit : www.besweb.com | 01/2023